ഉത്തരം

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് പഞ്ചായത്തിൽ പെരുംപടി വാട്ടർ സപ്ലൈ സ്കീം എന്ന പേരിൽ ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിനായി സർവെ പൂർത്തിയാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ചീഫ് എഞ്ചിനീയർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധന പൂർത്തിയാക്കി കേന്ദ്ര സർക്കാരിന്റെ ത്വരിതഗതിയിലുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു. അനുമതി ലഭിച്ചു കഴിഞ്ഞാൽ മാത്രമേ പ്രസ്തുത പദ്ധതി ഏറ്റെടുത്തു നടപ്പിൽ വരുത്തുവൻ സാധിക്കൂ.

"വലിയതോട് പദ്ധതി"

1324. [1795] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട 5 പഞ്ചായത്തുകളിൽ ഉൾപ്പെട്ട 'വലിയതോടു പദ്ധതി'യുടെ ശിലാസ്ഥാപനം 1977-ൽ നടന്നെങ്കിലും പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണം എന്താണ് ;

(ബി) ഇതിന് എത്ര സംഖ്യയാണ് ചെലവു കണക്കാക്കുന്നത് ;

(സി) ഇത് എന്നത്തേക്കു പ്രവർത്തനം ആരംഭിക്കും ?

ഉത്തരം

(എ) ആവശ്യമായ സ്ഥലമെടുപ്പു പൂർത്തിയാകാത്തതുകൊണ്ടാണ് ഈ പദ്ധതിയുടെ പ്രവർത്തനം വൈകുന്നത്.

(ബി) 88 ലക്ഷം രൂപയാണ് ഇപ്പോൾ ഈ പദ്ധതിക്കു മതിപ്പു ചെലവു കണക്കാക്കുന്നത്.

(സി) ഈ തുക ചെറുകിട ജലസേചന പദ്ധതിയുടെ പരിധിക്കു പുറത്താണ്. എസ്റ്റിമേറ്റ് തുക കുറയ്ക്കാമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

ചാലക്കുടി പുഴയുടെ തീരങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ

1325. [1796] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ചാലക്കുടി പുഴയുടെ ഇരു തീരങ്ങളിലും ഈ വർഷത്തെ കാലവർഷക്കെടുതികൾ വഴി എത്ര സംഖ്യയുടെ നാശനഷ്ടങ്ങൾ ഉണ്ടായി ;

(ബി) ഇതിന്റെ പുനരുദ്ധാരണ പണികൾക്ക് വല്ല നടപടിയും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) വെള്ളപ്പൊക്കം വഴി ഇടിഞ്ഞുപോയ ചാലക്കുടി പുഴയുടെ തീരങ്ങൾ കെട്ടി ബലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാം ആണ് പണി നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly